
കവിത

# നിജസ്ഥിതിയെക്കുറിച്ച് ഒരു പ്രസ്താവന

ടി.പി. യാക്കൂബ്

വരണ്ട ജലോൽഭവ
ശിലാസുഷിരങ്ങൾ
പിന്നെയും നനയുന്നതിൻ
മൃദുവാരവങ്ങൾക്ക്
കാതോർത്തും

പ്രാണിക്കും പക്ഷിക്കും
പച്ചക്കുന്നുകൾക്കും
ജന്തുജാലങ്ങൾക്കും
ജൈവചരന്ദസ്സിൻ താളമണയും
കാലമോർത്തും



പെയിന്റിംഗ്: ജോസഫ് എം വർഗ്ഗീസ്

ഹതാശവിലാപത്തിനുമേൽ
സ്പർശ സാന്ത്വനത്തിൻ
ലേപം പുരട്ടും കൈകളിൽ
തിരയടിക്കും കാരുണ്യത്തിൻ
കനിവോർത്തും

'നീതിയുടെ വൃക്ഷ'ത്തിൻ
നാരായ വേരുകളിളകാതിരിപ്പാൻ
പൊരുതി ജയിച്ചും തോറ്റു-
മണഞ്ഞു തീരും സ്മൃതിതൻ
കരുത്തോർത്തും

ബോധാബോധത്തിൻ
കെട്ടുകളൊക്കെയഴിയും
നിരാകാരാനന്ദ ബോധത്തിൻ
മുക്തിയോഗത്തിലലിയുവാൻ
നിത്യത്തേടലിനന്ത്യത്തിൽ
നിഷ്ക്രമിച്ചുമറിയുവാൻ
കാത്തിരിക്കെ,
അക്കരെയെത്തുവാൻ
താണ്ടേണ്ടും ദൂരത്തിൻ
അബോധ നാഴികതൻ
ഇളകിമറിയലിൽ
ഉലയുന്നു വഞ്ചിയും ഞാനും. ●

'ഹരിതകം', ചേവായൂർ, കോഴിക്കോട്
tpyakoob@rediffmail.com